"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കാസറഗോഡ് ജില്ല - കാസറഗോഡ് ബ്ലോക്കിലെ മധൂർ ഗ്രാമപഞ്ചായത്തിലെ പുളിക്കൂർ മഹാദേവ ടെമ്പിൾ റോഡ് പുനരുദ്ധാരണ പ്രവൃത്തി -കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും - പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും - അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.238/2026/DMD   തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 136/2023/ഡി.എം.ഡി. തീയതി, 10.03.2023

2. കാസറഗോഡ് ജില്ലാ കളക്ടറുടെ 13.05.2026 ലെ DCKSGD/4928/2025-K3 നമ്പർ കത്ത്.

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്കിലെ മധൂർ ഗ്രാമപഞ്ചായത്തിലെ പുളിക്കൂർ മഹാദേവ ടെമ്പിൾ റോഡ് പുനരുദ്ധാരണ പ്രവൃത്തി പരാമർശിത ഉത്തരവ് പ്രകാരം 500000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കാലാവസ്ഥാ വ്യതിയാനം കൊണ്ടും മാർച്ച് 16 ാം തീയതി മുതൽ പൊതു തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ പ്രവൃത്തി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി പ്രവൃത്തി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ വരുകയും ചെയ്തു. മേൽ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കാസർഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്കിലെ മധൂർ ഗ്രാമപഞ്ചായത്തിലെ പുളിക്കൂർ മഹാദേവ ടെമ്പിൾ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുകയിൽ നിന്നും കരാറിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി. വകുപ്പ് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയ ശേഷം അന്തിമ ബിൽ തുക മാറി

അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, കാസറഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/63/2026-DMD)

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 03-06-2026 10:32:25

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്